# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1609 11.08.17 ൽ മറുപടിയ്ക്ക്

### സ്കൂൾ ബസ്സുകളുടെ സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ | | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പമന്ത്രി) | |
| (എ) | സ്കൂൾ ബസ് സർവ്വീസുകൾ അപകടരഹിതമായി നടത്തുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; | (എ) | വിദ്യാർത്ഥികളെ കൊണ്ടു പോകുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുള്ളതാണ്. സ്കൂൾ ബസ്സുകൾ അല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റിക്കൊണ്ടു പോകുക-യാണെങ്കിൽ "ഓൺ സ്കൂൾ ഡ്യൂട്ടി" ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും അമിതമായി കുട്ടികളെ കുത്തിനിറയ്ക്കുന്നുണ്ടോയെന്നും പ്രത്യേകം പരിശോധിയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുച്ചക്ര വാഹനങ്ങളിൽ അമിതമായി കുട്ടികളെ കയറ്റുന്നത് തടയാനും നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റിക്കൊണ്ടു പോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, അദ്ധ്യയന വർഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വകുപ്പ് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |

1. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്രയ്ക്കായി ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്.
2. ടി വാഹനങ്ങളിൽ സഞ്ചരിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും പേര്, വിലാസം, രക്ഷകർത്താവിനെ സംബന്ധിച്ച വിവരങ്ങൾ, സമ്പർക്ക നമ്പർ ഉൾപ്പെടെ ക്രോഡീകരിച്ച് പട്ടിക രൂപത്തിൽ ലാമിനേറ്റ് ചെയ്ത് വാഹനത്തിലും സ്കൂളിലും സൂക്ഷിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.
3. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ സംബന്ധിച്ച അവബോധന ക്ലാസ്സുകൾ പരമാവധി സ്കൂളുകളിൽ സംഘടിപ്പിക്കുക.
4. അനുവദനീയമായതിലും അധികമായി കുട്ടികളെ കുത്തി നിറച്ച് കൊണ്ടു പോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ തുടങ്ങിയ ഇതര വാഹനങ്ങൾക്കെതിരെയും തുടക്കത്തിൽ തന്നെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉണ്ടെന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുക. മറ്റ് അയോഗ്യതകൾ ഇല്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.
6. സ്വകാര്യ വാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹനമായി

| | | | |
|---|---|---|---|
| | | | ഉപയോഗിയ്ക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിലേയ്ക്കായി സ്കൂൾ പരിസരത്ത് തന്നെ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതാണ്.<br>7. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ, എമർജൻസി എക്സിറ്റ്, അഗ്നി ശമന ഉപകരണങ്ങൾ എന്നിവ പ്രവർത്തന ക്ഷമമാണ് എന്ന് ഉറപ്പ് വരുത്തുക.<br>8. സ്കൂൾ ബസ്സുകളിൽ നിർബന്ധമായും ഡോർ അറ്റന്റന്റ് ഉണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. |
| (ബി) | കുട്ടികളുടെ സുരക്ഷിത യാത്ര മുൻനിർത്തി പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധന നടത്താറുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സ്കൂൾ വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ് ഗതാഗത വകുപ്പിന് നല്കാറുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇത്തരത്തിലുള്ള ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. |
| (ഡി) | സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്ന സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സ്കൂൾ വാഹനങ്ങളല്ലാത്ത മറ്റു വാഹനങ്ങളിൽ സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിന് താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>സ്കൂൾ ബസ്സുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റികൊണ്ട് പോകുകയാണെങ്കിൽ "On School Duty" എന്ന ബോർഡ് പ്രദർശിപ്പിച്ചിരിക്കണം. ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റികൊണ്ടു പോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**